റാവുസാഹിബ് കെ. അയ്യപ്പൻ:—

സപ്ലൈഉടമസ്ഥന്റെ ചിലവിൽ.

SUGAR—PRICE OF

435. മിസ്റ്റർ കെ. എ. രാഘവർ:—

താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

(എ) പ്രത്യേക ശീട്ടുപ്രകാരം കൊടുക്കുന്ന പഞ്ചസാരക്ക് റാത്തലിന് ൧ ൦ണ. യാക്കി തീരുമാനിച്ചതു് എന്നാണു്;

(ബി) ഇപ്രകാരം ഇരട്ടി വില വാങ്ങുന്നതിൽ അന്തർഭവിച്ചിട്ടുള്ള തത്വമെന്താണു്;

(സി) ഈ ഇരട്ടിവില സമ്പ്രദായം ഇന്ത്യയിൽ മറെറവിടെയെങ്കിലും നടപ്പിലുള്ളതായി ഗവൺമെണ്ടിന്നറിയാമൊ;

(ഡി) കൊച്ചിയിലെ ജനങ്ങൾക്കു് മയ്യാഴവിലക്ക് ആളോഹരി തുല്യമായി ഭാഗിച്ചു കൊടുക്കുന്നതിനുവേണ്ടി ലഭിക്കുന്ന പഞ്ചസാരയിൽ ഒരുഭാഗം പൂഴ്ത്തിവെച്ചു് കൊള്ളലാഭത്തിനു് ഗവൺമെണ്ടു് വില്ക്കുന്നതു് കരിഞ്ചന്തവ്യാപാരത്തിൽ പെടുകയില്ലേ;

(ഇ) പ്രത്യേക ശീട്ടുപ്രകാരം കൊടുക്കുന്നതിന്നു എത്രറാത്തൽ പഞ്ചസാര കരുതിവെയ്ക്കുന്നുണ്ടു്;

(എഫ്) ആവശ്യപ്പെടുന്ന ആൾക്കും പഞ്ചസാരക്ക് പ്രത്യേക ശീട്ടു കൊടുക്കുമോ;

(ജി) അതിനും വല്ല നിയന്ത്രണവും ഉണ്ടൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:—

(എ) ൧൯൨൨ വൃശ്ചികം ൨൦-ാംന- മുതൽ.

(ബി) പഞ്ചസാര അരിയെപ്പോലെ ജീവരക്ഷയ്ക്കു അത്യാവശ്യമായ സാധനമല്ല. മറെറ സ്ഥലങ്ങളിലെല്ലാം പഞ്ചസാര കൊടുക്കുന്നതു് റേഷൻകാർഡുകാരന്റെ ധനസ്ഥിതി അനുസരിച്ചാണു്. എന്നാൽ ആ പദ്ധതി ഇവിടെ അംഗീകരിച്ചിട്ടില്ല. സാധുക്കൾക്ക് കിട്ടുന്ന വിലക്കു് ധനവാന്മാർക്കും പഞ്ചസാര കിട്ടേണ്ട ആവശ്യമില്ല. ഇതിനുംപുറമെ പ്രത്യേകശീട്ടുപ്രകാരം വാങ്ങി ദുർവ്യയം ചെയ്യുവാനുള്ള വാസന തടയേണ്ട ആവശ്യവുമുണ്ടു്. പ്രത്യേകശീട്ടുപ്രകാരം വാങ്ങുന്ന പഞ്ചസാരയ്ക്കു് ഇരട്ടി വില ആക്കിയാൽ പ്രത്യേക ആവശ്യങ്ങൾക്ക് ഉപയോഗിക്കേണ്ടിവരുന്ന പഞ്ചസാരയിൽ കുറവുവരുത്തുവാൻ പൊതുജനങ്ങൾ സ്വമനസ്സാൽ ശ്രമിക്കുമെന്നും തൻമൂലം ഈ ജനത്തിലുള്ള ചിലവു കുറയുമെന്നും സാധാരണക്കാർക്ക് കൂടുതൽ പഞ്ചസാര വിതരണംചെയ്യുവാൻ സാധിക്കുമെന്നും പ്രതീക്ഷിച്ചു. ഈ കാരണങ്ങളൊക്കൊണ്ടാണു് പ്രത്യേകശീട്ടുപ്രകാരമുള്ള പഞ്ചസാരയ്ക്കു വില ഇരട്ടിയാക്കിയതു്.

(സി) അറിവില്ല.

(ഡി) ബി. യിൽ ഉത്തരം പറഞ്ഞ പ്രകാരം പഞ്ചസാര തുല്യമായി ഭാഗിച്ചു ആളോഹരിയെച്ചു കൊടുക്കുക എന്ന സമ്പ്രദായം ഇന്ത്യയിൽ എവിടേയും നടപ്പില്ല. വില കൂട്ടുന്നതിന്നു മുമ്പും പ്രത്യേകാവശ്യങ്ങൾക്ക് പ്രത്യേകശീട്ടു കൊടുക്കാവുന്നതാണു്. അന്നു് കൊടുക്കുന്നതിൽ കുറവാണു് ഇപ്പോൾ കൊടുക്കുന്നതു്. വില കൂട്ടിയതു് ലാഭം ഇച്ഛിച്ചിട്ടല്ല. പ്രത്യേക അപേക്ഷകൾ പ്രകാരമുള്ള ചിലവു കുറക്കുവാൻവേണ്ടിയാണു്. ഇതിനുംപുറമെ ഈ ലാഭത്തിലും എത്രയോ അധികം സംഖ്യ സാധുസംരക്ഷണത്തിന്നുവേണ്ടി അവർ സാധാരണയായി ഉപയോഗിക്കുന്ന ശക്കര വാങ്ങുന്ന വിലയെക്കാൾ താഴ്ത്തി വില്ക്കുന്നതുകൊണ്ടു് ഗവൺമെണ്ടിന്നു് നഷ്ടംവരുന്നതുമുണ്ടു്. ഈ കാരണങ്ങളാൽ പൂഴ്ത്തിവെപ്പോ, കൊള്ളലാഭമോ, കരിഞ്ചന്തവ്യാപാരമോ ഗവൺമെണ്ടു നടത്തുന്നുണ്ടെന്നുള്ള ചോദ്യത്തിലെ അനുമാനങ്ങൾ മുഴുവനും അടിസ്ഥാനരഹിതവും അനാവശ്യവുമാണു്.

(ഇ) പ്രത്യേകമായി ഒരു തുക നീക്കിവെക്കുന്നില്ല.

(എഫ്) ഇല്ല.

(ജി) ആവശ്യം നോക്കിയും, ആവശ്യക്കാരന്റെ സ്ഥിതി നോക്കിയും കയ്യിരിപ്പുള്ള പഞ്ചസാരയുടെ തോതനുസരിച്ചും ആണു് കൊടുക്കാവു്.

LIBRARY ARCHIVES Kerala Legislative Assembly